GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

15-06-2021

## കാർഷികവാർത്തകൾ

### 1. അറിയിപ്പ്:

കോഴിക്കോട് ഹോർട്ടിക്കോർപ് സംഭരിക്കുന്ന നാടൻ പച്ചക്കറികൾ വിറ്റഴിക്കാൻ സന്നദ്ധ സംഘടനകൾ, ക്ലബ്ബുകൾ, റെസിഡന്റ്സ് അസോസിയേഷനുകൾ എന്നിവയുടെ സഹകരണം തേടുന്നു. കൂടുതൽ വിവരങ്ങൾക്ക് കോഴിക്കോട് ഹോർട്ടികോർപ്പിന്റെ 8714144834, 9746297587 എന്നീ കസ്റ്റമർകെയർ നമ്പറുകളിൽ പ്രവർത്തി ദിവസങ്ങളിൽ രാവിലെ 9 മുതൽ വൈകുന്നേരം 5 വരെയുള്ള സമയത്ത് ബന്ധപ്പെടുക.

### 2. പശു ഡയറി യൂണിറ്റുകൾക്ക് അപേക്ഷ ക്ഷണിച്ചു

ആലപ്പുഴ ജില്ലയിലെ ക്ഷീരവികസന വകുപ്പിന്റെ 2021-22 ലെ വാർഷിക പദ്ധതിയിലെ മിൽക്ക് ഷെഡ്ഡ് ഡെവലപ്പ്മെന്റ് പ്രോഗ്രാം (എം.എസ്.ഡി.പി) എന്ന പദ്ധതിയിൽപ്പെടുത്തി ക്ഷീരകർഷകർക്ക് 1 പശു ഡയറി യൂണിറ്റ്, 2 പശു ഡയറി യൂണിറ്റ് 5 പശു ഡയറി യൂണിറ്റ് കാലിത്തൊഴുത്ത് നിർമ്മാണ-നവീകരണ ധനസഹായം, കംപോസിറ്റ് ഡയറി യൂണിറ്റുകൾക്കുള്ള ധനസഹായം, ആവശ്യാധിഷ്ഠിത ധനസഹായം എന്നിങ്ങനെ വൈവിധ്യ ങ്ങളായ പദ്ധതി ധനസഹായത്തിന് അപേക്ഷ ക്ഷണിച്ചു. താല്പര്യമുള്ളവർ നിർദ്ദിഷ്ട മാതൃകയിലുള്ള അപേക്ഷകൾ ആവശ്യമായ രേഖകൾ സഹിതം അതാത് ബ്ലോക്കുകളിൽ പ്രവർത്തിയ്ക്കുന്ന ക്ഷീരവികസന യൂണിറ്റ് ഓഫീസുകളിൽ ഈ മാസം (ജൂൺ) 20-ാം തീയതിയ്ക്ക് മുൻപായി സമർപ്പിക്കേണ്ടതാണ്.

ഓൺലൈൻ പരിശീലനങ്ങൾ

**3.** കൃഷി വിജ്ഞാന കേന്ദ്രം കോഴിക്കോടിന്റേയും കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനം, കാസർഗോഡിന്റേയും സംയുക്താഭിമുഖ്യത്തിൽ തെങ്ങ് കൃഷി എന്ന വിഷയത്തിൽ" ഇന്ന് – 15 ജൂൺ 2021 ന്- രാവിലെ 10 .30 മുതൽ ഓൺലൈൻ കർഷക-ശാസ്ത്രജ്ഞ മുഖാമുഖം നടക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് വിളിക്കേണ്ട നമ്പർ- 9447565549

**4.** തിരുവല്ല മഞ്ഞാടി ഹാച്ചറി ആൻഡ് ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ ഈ മാസം 17, 18 തീയതികളിൽ ആട് വളർത്തൽ എന്ന വിഷയത്തിൽ സൗജന്യ ഓൺലൈൻ പരിശീലനം നൽകുന്നു. പരിശീലനത്തിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ വാട്സ്ആപ്പ് സന്ദേശം മുഖേന പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്കും പേര് രജിസ്റ്റർ ചെയ്യുന്നതിനും ആയി 9 1 8 8 5 2 2 7 1 1 എന്ന നമ്പറിൽ ബന്ധപ്പെടുക.

**5. ക്ഷീരവികസന വകുപ്പിന്റെ കോട്ടയം ക്ഷീര പരിശീലന** കേന്ദ്രത്തിൽ വച്ച് നാളെ (16.06.2021 ന് ) രാവിലെ 11 മുതൽ ക്ഷീരകർഷകർക്ക് വേണ്ടി "വിവിധയിനം തീറ്റപ്പുൽ ഇനങ്ങളും കൃഷിരീതിയും" എന്ന വിഷയത്തിൽ പരിശീലന പരിപാടി നടത്തുന്നു പരിശീലനത്തിൽ പങ്കെടുക്കുവാൻ താല്പര്യമുള്ള ക്ഷീരകർഷകർ ഇനി പറയുന്ന നമ്പരിൽ ബന്ധപ്പെടാവുന്നതാണ് - 9495445536

**6.** വെള്ളായണിക്കര ഇൻസ്ട്രക്ഷണൽ ഫാമിന്റെ നേതൃത്വത്തിൽ നാളെ(16-0602021 ന്) രാവിലെ 10.30 മുതൽ 1.00മണി വരെ 'ഹൈടെക്ക് അടുക്കളത്തോട്ട നിർമ്മാണവും പരിപാലനവും' എന്ന വിഷയത്തിൽ പരിശീലനം നൽകുന്നു. കാൽ സെന്റിലും അര സെന്റിലും അടുക്കളത്തോട്ടം നിർമ്മിക്കുന്നതിനെ കുറിച്ച് നൽകുന്ന പരിശീലനത്തിനെ കുറിച്ച് കൂടുതൽ വിവരങ്ങൾക്ക് 9995953654, 9961533547, 7736690639എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

**7.** ആലുവ മൃഗസംരക്ഷണ പരിശീല കേന്ദ്രത്തിൽ വച്ച് ഇന്ന് (15.06.21 ന്) താറാവ് വളർത്തൽ, 25-ന് ക്യാറ്റിൽ ഫാം മാനേജ്മെന്റ്, 30-ന് നായ്ക്കളിലെ പ്രത്യുത്പാദനവും പ്രജനന

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

രീതികളും എന്നീ വിഷയങ്ങളിൽ ഗൂഗിൾമീറ്റ് മുഖേന പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. താത്പര്യമുള്ള കർഷകർ 9188522708 എന്ന നമ്പരിൽ ബന്ധപ്പെടേണ്ടതാണ്.

8. ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയോടനുബന്ധിച്ച് പ്രവർത്തിക്കുന്ന പരിശീലന കേന്ദ്രത്തിൽ കർഷകർക്കായി ഈ മാസം 18-ന് 'കാടവളർത്തൽ', 24 , 25 എന്നീ തീയതികളിൽ 'ആട്വളർത്തൽ' എന്നീ വിഷയങ്ങളിൽ സൗജന്യപരിശീലനം ഓൺലൈനായി നടത്തുന്നു. താൽപര്യമുള്ളകർഷകർ 9188522703 എന്ന നമ്പറിൽ ഓഫീസ് പ്രവർത്തന സമയത്ത് ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

9. തിരുവനന്തപുരം കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഇന്ന് (15-06-2021 ന്) പശുവളർത്തൽ എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് 0471-2732918, 9188522701 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക

10. തിരുവനന്തപുരം വെള്ളനാട് മിത്രാനികേതൻ കൃഷിവിജ്ഞാനകേന്ദ്രത്തിൽ നിന്നും ഇന്ന് (15-06-2021 ന്) പച്ചക്കറികൃഷിയിൽ ജൈവരോഗ-കീട നിയന്ത്രണ മാർഗങ്ങൾ, എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് 9446911451 എന്ന നമ്പരിൽ ബന്ധപ്പെടുക.

11. പത്തനംതിട്ട ജില്ലാ കൃഷി വിജ്ഞാന കേന്ദ്രം **ശുദ്ധജല മത്സ്യകൃഷി** എന്ന വിഷയത്തിൽ നാളെ **( 2021 ജൂൺ 16 ന്) രാവിലെ 11 മുതൽ ഓൺലൈൻ പരിശീലനം** നൽകുന്നു. കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനത്തിന്റെ എറണാകുളം കൃഷി വിജ്ഞാന കേന്ദ്രം ഫിഷറീസ് വിഭാഗം സബ്ജക്റ്റ് മാറ്റർ സ്പെഷലിസ്റ്റ് ഡോ. വികാസ് പി.എ. പരിശീലനത്തിന് നേതൃത്വം നൽകും. കൂടുതൽ വിവരങ്ങൾക്ക് **8078572094** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**12. റബ്ബറിന് വളമിടുന്നതിൽ ഓൺലൈൻ പരിശീലനം:** റബ്ബറിന് വളമിടുന്നതിൽ റബ്ബർബോർഡ് ഓൺലൈൻ പരിശീലനം നടത്തുന്നു. നാളെ (16-ന്) ഉച്ചയ്ക്ക് 2.30 മുതൽ വൈകിട്ട് 4.30 വരെയാണ് പരിശീലനം. പരിശീലനമാധ്യമം മലയാളം ആയിരിക്കും. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് 04812353127 എന്ന നമ്പറിലും 7994650941 എന്ന വാട്സ്ആപ്പ് നമ്പറിലും ബന്ധപ്പെടാം.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവ...